"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020-21 വർഷത്തെ മഹാത്മാ അയ്യങ്കാളി പരസ്കാരത്തിനർഹമായ നഗരസഭകളെയും കോർപ്പറേഷനുകളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.223/2022/LSGD തീയതി, തിരുവനന്തപുരം, 04-02-2022

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 190/2022/ത.സ്വ.ഭ.വ, തീയതി, 25.01.2022.

2. നഗരകാര്യ ഡയറക്ടറുടെ 31.01.2022-ലെ ഡി.സി.3-4/2020 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 2020-21 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ തുടർച്ചയായി 2020-21 വർഷത്തെ മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിനർഹമായ നഗരസഭകളെയും കോർപ്പറേഷനുകളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തിരുവന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവന്തപുരം.

മെമ്പർ, ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ്, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## മഹാത്മാ അയ്യങ്കാളി പുരസ്ക്കാരം 2020-21 വർഷത്തെ മികച്ച നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| | |
|---|---|
| I. **സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ**<br>• 2020-21 സാമ്പത്തിക വർഷം 75000 ന് മുകളിൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ച നഗരസഭകൾ (10 മാർക്ക്)<br>• 2020-21 സാമ്പത്തിക വർഷം 50000 നും 75000 നും ഇടയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ച നഗരസഭകൾ (6 മാർക്ക്)<br>• 2020-21 സാമ്പത്തിക വർഷം 49999 നും 25000 നും ഇടയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ച നഗരസഭകൾ ( 4 മാർക്ക്)<br>• 2020-21 സാമ്പത്തിക വർഷം 10000 മുതൽ 25000 വരെ തൊഴിൽദിനങ്ങൾ സൃഷ്ടിച്ച നഗരസഭകൾ ( 2 മാർക്ക്) | 10 |
| II. **രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ**<br>• അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം<br>5000 ൽ കൂടുതൽ (10 മാർക്ക്)<br>2500 മുതൽ 4999 വരെ (5 മാർക്ക്)<br>1000 മുതൽ 2499 വരെ (2 മാർക്ക്) | 10 |
| III. **നൂറ് ദിവസത്തിൽ കൂടുതൽ തൊഴിൽദിനങ്ങൾ നൽകിയത്**<br>• 2020-21 സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കൂടുതൽ തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം<br>200 ൽ കൂടുതൽ (10 മാർക്ക്)<br>150 മുതൽ 200 വരെ (6 മാർക്ക്)<br>100 മുതൽ 149 വരെ (4 മാർക്ക്)<br>50 മുതൽ 99 വരെ (2 മാർക്ക്) | 10 |
| IV. **തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ**<br>• തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളിൽ 2020-21 സാമ്പത്തിക വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം<br>50% ൽ കൂടുതൽ (10 മാർക്ക്)<br>30% മുതൽ 50% വരെ (6 മാർക്ക്)<br>10% മുതൽ30% വരെ (2 മാർക്ക്) | 10 |

| | | |
|---|---|---|
| V. | **ഒരു കുടുംബത്തിന് ലഭ്യമാക്കിയ ശരാശരി തൊഴിൽ ദിനങ്ങൾ**<br>• ഒരു കുടുംബത്തിന് ലഭ്യമാക്കിയ ശരാശരി തൊഴിൽദിനങ്ങളുടെ എണ്ണം<br><br>30 അഥവാ 30 ൽ കൂടുതൽ (10 മാർക്ക്)<br>20 മുതൽ 30 വരെ (5 മാർക്ക്)<br>10 മുതൽ 20 വരെ (2 മാർക്ക്) | 10 |
| VI. | **ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ**<br>• 2020-21 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളുടെ ശതമാനം<br><br>50% അഥവാ അതിനു മുകളിൽ (10 മാർക്ക്)<br>25% നും 50% നും ഇടയിൽ (5 മാർക്ക്)<br>10% മുതൽ 25% വരെ (2 മാർക്ക്) | 10 |
| VII. | **സുഭിക്ഷകേരളം പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക**<br>• ആകെ അനുവദിച്ച തുകയിൽ സുഭിക്ഷകേരള പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ ശതമാനം<br><br>20% അഥവാ അതിനു മുകളിൽ (10 മാർക്ക്)<br>10% നും 20% നും ഇടയിൽ (5 മാർക്ക്)<br>5% മുതൽ 10% വരെ (2 മാർക്ക്) | 10 |
| VIII. | **അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി MCF/MRF നിർമ്മാണത്തിന് പദ്ധതി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ** (10മാർക്ക്) | 10 |
| IX. | **അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയും PMAY പദ്ധതിയും തമ്മിലുള്ള സംയോജനം**<br>• PMAY ഗുണഭോക്താക്കളെയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത് തൊഴിൽകാർഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ<br><br>90% അഥവാ അതിനു മുകളിൽ (10 മാർക്ക്)<br>75% മുതൽ 90% വരെ (5 മാർക്ക്)<br>50% മുതൽ 75% വരെ (2 മാർക്ക്) | 10 |
| X. | **അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ**<br><br>200 അഥവാ 200 ൽ കൂടുതൽ (10 മാർക്ക്)<br>150 മുതൽ 199 വരെ (8 മാർക്ക്)<br>100 മുതൽ 149 വരെ (5 മാർക്ക്<br>50 മുതൽ 99 വരെ (2 മാർക്ക്) | 10 |